

കേരള സർക്കാർ

**കേരള സർക്കാർ കാർഷിക വികസന കർഷകക്ഷേമ വകുപ്പ്**

# പുനരാവിഷ്കൃത സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി

## എയിംസ് പോർട്ടൽ മുഖേന

## നിബന്ധനകളും നടപടികളും

*തയ്യാറാക്കിയത്: ഐ ടി ഡിവിഷൻ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്*

# പുനരാവിഷ്കൃത സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി

സർക്കാർ ഉത്തരവ് (കൈ) 37/ 2017/കൃഷി തീയതി 22 മാർച്ച് 2017, സർക്കാർ ഉത്തരവ് (സാധാ) 1198/ 2018/കൃഷി തീയതി 12 ഡിസംബർ 2018 പ്രകാരമുള്ള മാനദണ്ഡങ്ങൾ/ വ്യവസ്ഥകൾ ബാധകം.

## ഇൻഷ്വർ ചെയ്യുന്ന വിളകൾ

- പട്ടിക ചുവടെ ചേർത്തിരിക്കുന്നു.
- കൃഷിഭൂമിയിലെ വിള ഭാഗികമായി ഇൻഷ്വർ ചെയ്യുന്നതല്ല.
- ഉൽപാദനക്ഷമത കുറഞ്ഞതും പ്രായാധിക്യം ഉള്ളതുമായ വിളകളെ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്യാൻ പാടില്ല.
- സംസ്ഥാനത്തെ മുഴുവൻ നെൽകർഷകർക്കും ഇൻഷ്വറൻസ് പദ്ധതി ബാധകമാണ്.

# പദ്ധതി നടത്തിപ്പ്

- പദ്ധതി കൃഷിഭവനുകൾ വഴി നടപ്പിലാക്കുന്നു.
- പദ്ധതിയിൽ അംഗമാകാൻ കാർഷികവികസന കർഷകക്ഷേമ വകുപ്പിന്റെ എയിംസ് പോർട്ടൽ മുഖേനയോ മൊബൈൽ ആപ്പ് മുഖേനയോ ആണ് അപേക്ഷ സമർപ്പിക്കേണ്ടത്.
- അപേക്ഷകർ ആദ്യം എയിംസിൽ രജിസ്റ്റർ ചെയ്ത ശേഷം ലോഗിൻ വഴി ആണ് അപേക്ഷ സമർപ്പിക്കേണ്ടത്.
- അതാത് വിളകൾക്ക് നിശ്ചയിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. (പട്ടിക ചുവടെ ചേർത്തിരിക്കുന്നു)
- ഏതെങ്കിലും കാരണവശാൽ അപേക്ഷ കൃഷിഭവനിൽ നിന്നും കർഷകന് മടക്കി അയച്ചാൽ കർഷകന് സന്ദേശം ലഭിക്കുന്നതാണ്. ഇങ്ങനെ ലഭിച്ച അപേക്ഷ 10 ദിവസത്തിനുള്ളിൽ പുനർസമർപ്പിക്കേണ്ടതാണ്. അല്ലാത്ത പക്ഷം അപേക്ഷ നിരസിക്കപ്പെടുന്നതാണ്.
- പോളിസിയ്ക്ക് അപേക്ഷിക്കുമ്പോൾ ഫോട്ടോ അപ് ലോഡ് ചെയ്യേണ്ടത് കൃഷി അസ്സിസ്റ്റന്റ് ആണ്. എന്നാൽ ക്ലെയിമിന് അപേക്ഷിക്കുമ്പോൾ അത് കർഷകൻ ആണ് ഫോട്ടോ അപ് ലോഡ് ചെയ്യേണ്ടത്.

## ഏതൊക്കെ പ്രകൃതിക്ഷോഭങ്ങളിൽ ഇൻഷ്വറൻസ് നഷ്ടപരിഹാരം ലഭിക്കാം?

വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂമികുലുക്കം/ഭൂകമ്പം, കടലാക്രമണം, ചുഴലിക്കാറ്റ്, കൊടുങ്കാറ്റ്, ഇടിമിന്നൽ, കാട്ടുതീ, വന്യജീവികളുടെ ആക്രമണം എന്നീ പ്രകൃതി ക്ഷോഭങ്ങൾ കൊണ്ട് ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് മാത്രമേ ഈ പദ്ധതിയുടെ സംരക്ഷണം ലഭിക്കുകയുള്ളൂ.

NB: *നെൽകൃഷിയ്ക്ക് രോഗകീടബാധ കൊണ്ട് ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്കും പദ്ധതിയുടെ സംരക്ഷണം ലഭിക്കുന്നതാണ്. കീടരോഗബാധ കൃഷിഭവനിൽ അറിയിച്ച് വേണ്ട നടപടികൾ എടുത്തതിനു ശേഷവും നഷ്ടമുണ്ടായാൽ മാത്രമേ നഷ്ടപരിഹാര തുകയ്ക്ക് അർഹത ഉണ്ടായിരിക്കുകയുള്ളൂ.*

# പ്രീമിയം

- പദ്ധതിയിൽ ചേരുന്ന കർഷകർ, സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പ്രീമിയം തുക അടച്ചിരിക്കേണ്ടതാണ്. ഈ തുക മടക്കി നൽകുന്നതല്ല.
- കൃഷിഭവൻ ഉദ്യോഗസ്ഥർ സ്ഥലം പരിശോധിച്ച് പ്രീമിയം തിട്ടപ്പെടുത്തുന്നതാണ്.
- അപേക്ഷ സമർപ്പിച്ച് പരമാവധി 10 ദിവസത്തിനുള്ളിൽ ഫീൽഡ് പരിശോധന നടത്തി പ്രീമിയം ഒടുക്കുവാനുള്ള സന്ദേശം ലഭിക്കുന്നതാണ്.
- സന്ദേശം ലഭിച്ച് 10 ദിവസത്തിനുള്ളിൽ പ്രീമിയം എയിംസ് പോർട്ടൽ ലോഗിൻ വഴി ഒടുക്കേണ്ടതാണ്. അല്ലാത്ത പക്ഷം അപേക്ഷ നിരസിക്കുന്നതാണ്.
- പ്രീമിയം തുക അടച്ച ദിവസം മുതൽ ഏഴ് ദിവസങ്ങൾക്ക് ശേഷം മാത്രമേ നഷ്ടപരിഹാരത്തിനു അർഹതയുള്ളൂ.
- Premium അപ്പ്രൂവ് ചെയ്തതിനു ശേഷം അപേക്ഷയിൽ തിരുത്തൽ വരുത്താൻ സാധിക്കില്ല.
- പ്രീമിയം അടയ്ക്കുന്നതിന് മുൻപ്, കൃഷി അസിസ്റ്റന്റ് ഡയറക്ടർ അപ്രൂവ് ചെയ്യുന്നതിനു തൊട്ടു മുൻപ് വരെ അപേക്ഷ കർഷകന് റിട്ടേൺ ചെയ്യാൻ കഴിയും.
- റിട്ടേൺ ചെയ്ത അപേക്ഷകൾ കർഷകന്റെ ലോഗിനിൽ **RETURNED APPLICATIONS** എന്ന ടാബിൽ ആണ് എത്തുക.
- ഇഷ്യൂ ചെയ്ത പോളിസി കർഷകന്റെ ലോഗിനിൽ POLICY ISSUED എന്ന ടാബിൽ ആണ് ലഭിക്കുക.

# നഷ്ടപരിഹാരം

- വിളകൾക്ക് ഉണ്ടാകുന്ന പൂർണ്ണ നാശത്തിനു നഷ്ടപരിഹാരം ലഭിക്കുകയുള്ളൂ. ഭാഗികമായ നഷ്ടം കണക്കാക്കുന്നത് അല്ല.
- നെൽകൃഷിക്ക് സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി അനുസരിച്ച് നഷ്ടപരിഹാരം കണക്കാക്കുമ്പോൾ 50 ശതമാനത്തിലധികം നാശനഷ്ടം ഉണ്ടായാൽ ആയത് പൂർണ നാശനഷ്ടം ആയി കണക്കാക്കി നഷ്ടപരിഹാരം ലഭിക്കുന്നതാണ്.
- നാശനഷ്ടം സംഭവിച്ച വിളകളുടെ വില നഷ്ടപരിഹാരത്തിൽ നിന്നും കുറവ് ചെയ്യുന്നതല്ല.
- അത്യാഹിതം സംഭവിക്കുമ്പോൾ നാശനഷ്ടം പരമാവധി കുറയ്ക്കുന്നതിന് കർഷകർ സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചിരിക്കണം.
- കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കുകൾക്കും നിബന്ധനകൾക്കും നഷ്ടപരിഹാരതുക നൽകുന്നതാണ്.
- ഇഞ്ചി, മഞ്ഞൾ, നിലക്കടല, എള്ള്, പച്ചക്കറികൾ, പയറുവർഗങ്ങൾ, മരച്ചീനി, മറ്റു കിഴങ്ങുവർഗ്ഗങ്ങൾ, ഏലം, വെറ്റില എന്നീ വിളകൾക്ക് ഇൻഷുറൻസ് ചെയ്ത് വിസ്തൃതിയുടെ കുറഞ്ഞത് 10 ശതമാനമെങ്കിലും നാശനഷ്ടമുണ്ടായാലെ നഷ്ടപരിഹാരം ലഭിക്കുകയുള്ളൂ.

- ഹ്രസ്വകാല വിളകളുടെ ഇൻഷ്വറൻസ് കാലയളവ് പ്രീമിയം അടച്ച് ഒരാഴ്ച മുതൽ വിളവെടുപ്പ് തുടങ്ങുന്നത് വരെയാണ്. ദീർഘകാല വിളകൾക്ക് നട്ട് നിശ്ചിത സമയം മുതൽ കായ്ച്ച് തുടങ്ങുന്നത് വരെയുള്ള കാലത്തേക്ക് പ്രത്യേക വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം സംരക്ഷണം ഏർപ്പെടുത്തിയിരിക്കുന്നു.
- കർഷകന് ഒരു പോളിസിയിന്മേൽ ഒന്നിൽ കൂടുതൽ തവണ claim-ന് അപേക്ഷിക്കാവുന്നതാണ്. എന്നാൽ ഒരു തീയതിയിൽ ഒരു അപേക്ഷ മാത്രമേ സമർപ്പിക്കാൻ സാധിക്കൂ.

## നഷ്ടപരിഹാരം നൽകുന്ന രീതി

ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് നഷ്ടപരിഹാരം ഓരോ കർഷകന്റെയും അക്കൗണ്ടിലേക്ക് നേരിട്ട് നൽകുന്നതാണ്.

# നാശനഷ്ടം സംഭവിച്ചാൽ നഷ്ടപരിഹാരത്തിനായി കൈക്കൊള്ളേണ്ട നടപടികൾ

- കൃഷിഭവനിൽ നിന്ന് FIR എൻട്രി വരുത്തി, അത് AO അപ്രൂവ് ചെയ്തിട്ടുണ്ടെങ്കിൽ മാത്രമേ കർഷകന് നഷ്ടപരിഹാരത്തിന് അപേക്ഷിക്കാൻ കഴിയൂ. അതിനാൽ അത്യാഹിതം സംഭവിച്ചാൽ നേരിട്ടോ അല്ലാതെയോ കൃഷിഭവൻ ഉദ്യോഗസ്ഥരെ വിവരം അറിയിച്ച് FIR എന്ട്രി വരുത്തിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
- പ്രകൃതിക്ഷോഭം നടന്ന വിവരം കൃഷിഭവനെ അറിയിക്കാൻ എയിംസ് പോർട്ടൽ ലോഗിനിലെ Report Calamity എന്ന ഓപ്ഷനും ഉപയോഗിക്കാവുന്നതാണ്. എന്നാൽ ഇൻഷ്വറൻസ് നഷ്ടപരിഹാരം ലഭിക്കുന്നതിനായി പ്രത്യേകം അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷ സമർപ്പിക്കുന്നതിനായി ലോഗിനിലെ ബന്ധപ്പെട്ട മെനു തിരഞ്ഞെടുക്കുക.
- അത്യാഹിതം സംഭവിച്ചാൽ 15 ദിവസത്തിനുള്ളിൽ വെബ് പോർട്ടൽ വഴിയോ, AIMS മൊബൈൽ ആപ്ലിക്കേഷൻ വഴിയോ ഓൺലൈനായി അപേക്ഷ സമർപ്പിക്കണം.
- കൃഷിഭവൻ ഉദ്യോഗസ്ഥർ സ്ഥലം പരിശോധനയ്ക്ക് എത്തുന്നത് വരെ നാശനഷ്ടം സംഭവിച്ച വിള അതേപടി നിലനിർത്തേണ്ടതാണ്.

## സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി – എയിംസ് പോർട്ടൽ മുഖേന – നിബന്ധനകളും നടപടികളും

| നമ്പർ | വിളകൾ | ഇൻഷ്വർ ചെയ്യാൻ വേണ്ട ഏറ്റവും കുറഞ്ഞ എണ്ണം /വിസ്തീർണ്ണം | വിള ഇൻഷ്വർ ചെയ്യാൻ വേണ്ട പ്രായം | അടയ്ക്കേണ്ട പ്രീമിയം | നഷ്ടപരിഹാര തോത് |
|---|---|---|---|---|---|
| 1 | **തെങ്ങ്** | 10 എണ്ണം | നട്ട് ഒരു മാസം മുതൽ 7 വർഷം വരെ | തെങ്ങൊന്നിന് **1** രൂപ ഒരു വർഷത്തേക്ക് (മൂന്നു വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ തെങ്ങൊന്നിന് **2** രൂപ) | ആദ്യത്തെ മൂന്നു വർഷത്തേയ്ക്ക് ഒരെണ്ണത്തിന് **200** രൂപ. 2 വർഷത്തിനുമേൽ 7 വര്ഷം വരെ ഒരെണ്ണത്തിന് **400** രൂപ |
| | | | 7 വർഷത്തിന് മുകളിൽ പ്രായമുള്ള, ഒരാണ്ടിൽ കുറഞ്ഞത് 30 നാളികേരം എങ്കിലും കായ്ഫലം നൽകുന്ന തെങ്ങുകൾ | തെങ്ങൊന്നിന് `**2** രൂപ ഒരു വർഷത്തേക്ക് (മൂന്നു വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ തെങ്ങൊന്നിന് `**5** രൂപ) | തെങ്ങൊന്നിന് `**2000** രൂപ |
| 2 | **കമുക്** | 10 മരങ്ങൾ | നട്ട് ഒരു മാസം മുതൽ 6 വർഷം വരെ | മൂന്നു വർഷത്തേയ്ക്ക് ഒരെണ്ണത്തിന് **1.50** രൂപ | മൂന്നു വർഷം വരെ ഒരെണ്ണത്തിന് **50** രൂപ. 3 വർഷത്തിനുമേൽ 7 വർഷം വരെ ഒരെണ്ണത്തിന് **80** രൂപ. |
| | | | 6 വർഷത്തിനു മുകളിൽ കായ്ഫലമുള്ളത് | ഒരു മരത്തിന് ഒരു വർഷത്തേക്ക് ` **1.50** രൂപ<br>മൂന്നു വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ മരമൊന്നിന് `**3** രൂപ | 1 മരത്തിന് `**200** രൂപ |
| 3 | **റബ്ബർ** | 25 എണ്ണം | നട്ട് ഒരു മാസം മുതൽ 7 വർഷം വരെ | മൂന്നു വർഷത്തേയ്ക്ക് ഒരെണ്ണത്തിന് **1.50** രൂപ വീതം | മൂന്നു വർഷത്തേയ്ക്ക് ഒരെണ്ണത്തിന് **200** രൂപ. മൂന്നു വർഷത്തിനുമേൽ 7 വർഷം വരെ ഒരെണ്ണത്തിന് **600** രൂപ |
| | | | 7 വർഷത്തിന് മുകളിൽ പ്രായമുള്ള കറയെടുക്കുന്ന മരങ്ങൾ | ഒരു മരത്തിന് ഒരു വർഷത്തേയ്ക്ക് ` **3** രൂപ<br>മൂന്നു വർഷത്തേക്ക് ഒന്നിച്ചടച്ചാൽ `**7.50** രൂപ | 1 മരത്തിന് ` **1000** രൂപ |
| 4 | **കശുമാവ്** | 5 എണ്ണം | നട്ട് ഒരു മാസം മുതൽ 7 വർഷം വരെ | മൂന്നു വർഷത്തേയ്ക്ക് ഒരെണ്ണത്തിന് **1.50** രൂപ വീതം | മൂന്നു വർഷം വരെ ഒരെണ്ണത്തിന് **100** രൂപ |
| | | | 4 വർഷത്തിനു മുകളിൽ പ്രായമുള്ള കായ്ഫലമുള്ളത് | ഒരു മരത്തിന് ഒരു വർഷത്തേയ്ക്ക് ` **3** രൂപ<br>മൂന്നു വർഷത്തേയ്ക്ക് ` **7.50** രൂപ | 1 മരത്തിന് **750** രൂപ |
| 5 | **വാഴ**<br>(എ) ഏത്തൻ, കപ്പ<br>(ബി)ഞാലിപ്പൂവൻ<br>സി) മറ്റിനങ്ങൾ | 10 എണ്ണം | നട്ട് കഴിഞ്ഞ് ഒരു മാസം മുതൽ 5 മാസം വരെ | ഒരു വാഴയ്ക്ക് `**3** രൂപ | (എ) കുലയ്ക്കാത്തതിന് `**150** രൂപ<br>(ബി) കുലയ്ക്കാത്തതിന് `**100** രൂപ<br>(സി) കുലയ്ക്കാത്തതിന് `**50** രൂപ<br>(എ) കുലച്ചതിന് `**300** രൂപ<br>(ബി)കുലച്ചതിന് `**200** രൂപ<br>(സി) കുലച്ചതിന് ` **75** രൂപ |
| 6 | **മരച്ചീനി/ കപ്പ** | 0.02 ഹെക്ടർ | നട്ട് കഴിഞ്ഞ് ഒരു മാസം മുതൽ 5 മാസം വരെ | 0.02 ഹെക്ടറിന് `**3** രൂപ | ഹെക്ടറൊന്നിന് ` **10000** രൂപ |
| 7 | **കൈതച്ചക്ക** | 0.02 ഹെക്ടർ | നട്ട് കഴിഞ്ഞ് ഒരു മാസം മുതൽ 6 മാസം വരെ | 0.02 ഹെക്ടറിന് `**37.50** രൂപ | ഹെക്ടറൊന്നിന് ` **50000** രൂപ |
| 8 | **കുരുമുളക്** | 15 താങ്ങ് മരങ്ങളിൽ ഉള്ളവ | നട്ട് കഴിഞ്ഞു ഒരു മാസം മുതൽ 4 വർഷം വരെ | 15 താങ്ങ് മരങ്ങളിൽ ഉള്ളത് ഒരു വർഷത്തേയ്ക്ക് **7.50** രൂപ. മൂന്നു വർഷം ഒന്നിച്ചടച്ചാൽ **15** രൂപ | ആദ്യത്തെ രണ്ടു വർഷം താങ്ങ് മരത്തിനുള്ളതിന് **50** രൂപ. 2 വർഷം മുതൽ 4 വർഷം വരെ **100** രൂപ. |
| | | | 4 വർഷത്തിനു മുകളിൽ പ്രായമുള്ള കായ്ച്ചു തുടങ്ങിയവ | ഒരു താങ്ങു മരത്തിലുള്ളതിന് ഒരു വർഷത്തേക്ക് **1.50** രൂപ. മൂന്നു വർഷത്തേയ്ക്കു ഒന്നിച്ചടച്ചാൽ **3** രൂപ | ഓരോ താങ്ങു മരത്തിലും ഉള്ളതിന് ` **200** രൂപ വീതം |
| 9 | **ഇഞ്ചി** | 0.02 ഹെക്ടർ | നട്ട് ഒരു മാസം കഴിഞ്ഞു അഞ്ചു മാസം വരെ | 0.02 ഹെക്ടറിന് ` **15** രൂപ | ഹെക്ടറൊന്നിന് ` **80000** രൂപ |
| 10 | **മഞ്ഞൾ** | 0.02 ഹെക്ടർ | നട്ട് ഒരു മാസം കഴിഞ്ഞു മൂന്നു മാസം വരെ | 0.02 ഹെക്ടറിന് ` **15** രൂപ | ഹെക്ടറൊന്നിന് ` **60000** രൂപ |
| 11 | **എള്ള്** | 0.1 ഹെക്ടർ | വിതച്ചു ഒരാഴ്ച കഴിഞ്ഞ് ഒരു മാസം വരെ | 0.1 ഹെക്ടറിന് ` **37.50** രൂപ | ഹെക്ടർ ഒന്നിന് ` **12500** രൂപ |
| 12 | **പച്ചക്കറി പന്തലുള്ളവയും, പന്തലില്ലാത്തവയും** | 0.04 ഹെക്ടർ | നട്ട് ഒരാഴ്ച കഴിഞ്ഞ് ഒരു മാസം വരെ | പത്ത് സെന്റിന് ` **10** രൂപ | പന്തലില്ലാത്തവയ്ക്ക് ഹെക്ടറിന് **25000** രൂപ<br>പന്തലുള്ളവയ്ക്ക് ഹെക്ടറിന് ` **40000** രൂപ |
| 13 | **ജാതി** | 5 എണ്ണം | കായ്ച്ചു തുടങ്ങിയവ | ഒരു വർഷത്തേയ്ക്ക് ഒരു മരത്തിന് ` **3** രൂപ<br>മൂന്നു വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ ` **7.50** രൂപ | ` ഒരു മരത്തിന് **3000** രൂപ |
| 14 | **ഗ്രാമ്പു** | 5 എണ്ണം | കായ്ച്ചു തുടങ്ങിയവ | ഒരു വർഷത്തേയ്ക്ക് ഒരു മരത്തിന് ` **3** രൂപ<br>മൂന്നു വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ ` **7.50** രൂപ | ` ഒരു മരത്തിന് **1000** രൂപ |

*തയ്യാറാക്കിയത്: ഐ ടി ഡിവിഷൻ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്*

| | | | | | |
|---|---|---|---|---|---|
| 15 | **വെറ്റില** | 1 സെന്റ് | വിളവെടുപ്പ് ആരംഭിക്കുന്നത് മുതൽ | ഒരു വർഷത്തേയ്ക്ക് സെന്റൊന്നിന് ` **7.50** രൂപ | സെന്റൊന്നിന് ` **1000** രൂപ |
| 16 | **പയർ വർഗ്ഗങ്ങൾ** | 0.1 ഹെക്ടർ | നട്ട് രണ്ടാഴ്ച കഴിഞ്ഞു ഒന്നര മാസം വരെ | 0.10 ഹെക്ടറിന് ` **19** രൂപ | ഹെക്ടറിന് ` **10000** രൂപ |
| 17 | **കിഴങ്ങു വർഗ്ഗങ്ങൾ (ചേന, മധുരകിഴങ്ങ്)** | 0.02 ഹെക്ടർ | നട്ട് ഒരു മാസം കഴിഞ്ഞു 3 മാസം വരെ | (എ) ചേനകൃഷിക്ക് **7.50** രൂപ<br>(ബി) മധുരക്കിഴങ്ങ് കൃഷിക്ക് **4.50** രൂപ | ചേന ഹെക്ടറിന് ` **35000** രൂപ<br>മധുരകിഴങ്ങ് ഹെക്ടറിന് **5000** രൂപ |
| 18 | **നെല്ല്** | 0.1 ഹെക്ടർ | നട്ട് അല്ലെങ്കിൽ വിതച്ച 15 ദിവസം കഴിഞ്ഞു 45 ദിവസം വരെ | 0.10 ഹെക്ടറിന് **25** രൂപ (സെന്റിന് **1** രൂപ നിരക്കിൽ) | 45 ദിവസത്തിനകമുള്ള വിളകൾക്ക് ഹെക്ടറിന് `**15000** രൂപ<br>45 ദിവസത്തിനു ശേഷമുള്ള വിളകൾക്ക് ഹെക്ടറിന് `**35000** രൂപ |
| | | **(കീടരോഗബാധ കൃഷിഭവനിൽ അറിയിച്ച് വേണ്ട നടപടികൾ എടുത്തതിനു ശേഷവും നഷ്ടമുണ്ടായാൽ മാത്രമേ നഷ്ടപരിഹാര തുകയ്ക്ക് അർഹത ഉണ്ടായിരിക്കുകയുള്ളൂ)** | | | |
| 19 | **മാവ്** | 5 എണ്ണം | നട്ട ഒരു മാസത്തിനു ശേഷം കായ്ക്കുന്നത് വരെ | ഒരു മരത്തിന് ഒരു വർഷത്തേയ്ക്ക് **2** രൂപ. മൂന്നു വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ **5** രൂപ. | ഒരു മരത്തിന് **200** രൂപ |
| | | | കായ്ക്കുന്നവ | ഒരു മരത്തിന് ഒരു വർഷത്തേക്ക് **10** രൂപ<br>മൂന്നു വർഷത്തേക്ക് ഒന്നിച്ചടച്ചാൽ **25** രൂപ | 10 വർഷം വരെ പ്രായമുള്ള മരങ്ങൾക്ക് **1000** രൂപ. 10 വർഷത്തിനുമേൽ പ്രായമുള്ള മരങ്ങൾക്ക് **2000** രൂപ. |
| 20 | **ചെറുധാന്യങ്ങൾ** | 0.1 ഹെക്ടർ | നട്ട്/വിതച്ച് രണ്ടാഴ്ച കഴിഞ്ഞു 45 ദിവസം വരെ | 0.1 ഹെക്ടറിന് **25** രൂപ (സെന്റിന് **1** രൂപ നിരക്കിൽ) | വിതച്ച് 45 ദിവസത്തിനകം ഉള്ള വിളകൾക്ക് ഹെക്ടറിന് **10000** രൂപ.<br>45 ദിവസത്തിനു മുകളിലുള്ള വിളകൾക്ക് ഹെക്ടറിന് **25000** രൂപ |
| 21 | **ഏലം** | 1 ഹെക്ടർ | കായ്ഫലമുള്ളത് | ഒരു വർഷത്തേയ്ക്ക് ഹെക്ടറിന് ₹ 1500.<br>3 വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ ₹ 3.750 | ഹെക്ടർ ഒന്നിന് ₹ 60,000 |
| 22 | **തേയില** | 1 ഹെക്ടർ | ഇല എടുത്തു തുടങ്ങിയ ചെടികൾ | ഹെക്ടർ ഒന്നിന് 1 വർഷത്തേയ്ക്ക് ₹ 1,500. | ഹെക്ടർ ഒന്നിന് ₹ 70,000. ഇൻഷ്വർ ചെയ്യുതിന്റെ 10 ശതമാനമോ, 2 ഹെക്ടറോ ഏതാണോ കുറവ് അതിന് നഷ്ടപരിഹാരം നൽകാവുന്നതാണ് |
| | | | | 3 വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ ₹3.75 | |
| 23 | **കൊക്കോ** | 5 എണ്ണം | കായ്ഫലമുള്ളത് | 1 മരത്തിന് 1 വർഷത്തേയ്ക്ക് ₹ 1.50.<br>3 വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ ₹ 3 | ഒരു മരത്തിന് ₹ 300 |
| 24 | **പുകയില** | 0.02 ഹെക്ടർ | നട്ട് 2 ആഴ്ച കഴിഞ്ഞ് 2 മാസം വരെ | 0.02 ഹെക്ടറിന് ₹ 3 | ഹെക്ടറൊന്നിന് ₹ 20,000 |
| 25 | **നിലക്കടല** | 0.1 ഹെക്ടർ | നട്ട് ഒരു മാസം കഴിഞ്ഞ് 2 മാസം വരെ | 0.1 ഹെക്ടറിന് **37.50** രൂപ | ഹെക്ടർ ഒന്നിന് ₹ 12,000 |
| 26 | **കരിമ്പ്** | 0.1 ഹെക്ടർ | നട്ട് ഒരു മാസം കഴിഞ്ഞ് 3 മാസം വരെ | 0.1 ഹെക്ടറിന് **90** രൂപ | ഹെക്ടർ ഒന്നിന് ₹ 50,000 |
| 27 | **കാപ്പി** | 10 മരങ്ങൾ | കായ്ഫലമുള്ളത് | ഒരു ചെടിക്ക് 1 വർഷത്തേയ്ക്ക് ₹ 1.50.<br>3 വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ ₹ 3 | ഒരു മരത്തിന് ₹ 350 |

**ശ്രദ്ധിക്കുക : വിള ഇൻഷ്വറൻഷസ് പോളിസി, നഷ്ടപരിഹാരം എന്നിവ സംബന്ധിച്ച pdf യൂസർ മാനുവൽ, വീഡിയോ ട്യൂട്ടോറിയൽ എന്നിവ കാണേണ്ടതാണ്.**

*തയ്യാറാക്കിയത്: ഐ ടി ഡിവിഷൻ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്*